# SSLC MODEL EXAMINATION, FEBRUARY - 2023

## MALAYALAM

First Language - Paper II

Time : 1½ Hours | Total Score : **40**

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം ഉപയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദ്ദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം

**Score**

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.** **4x1=4**

**1.** ''പാടയും പീളയും മൂടിയ കണ്ണുകൾ
ഏറെപ്പണിപ്പെട്ടടച്ചു തുറന്നവർ''

(അമ്മത്തൊട്ടിൽ)

'ഏറെപ്പണിപ്പെട്ടടച്ചു തുറന്നവർ' എന്ന വരികൾ നൽകുന്ന സൂചന കണ്ടെത്തിയെഴുതുക.

(a) അമ്മയ്ക്ക് മകനോടുള്ള ദേഷ്യം
(b) അമ്മ കാഴ്ചകൾ ഇഷ്ടപ്പെടുന്നില്ല
(c) അമ്മ അങ്ങേയറ്റം അവശയാണ്
(d) അമ്മ കണ്ണുകൾ തുറക്കാൻ തയ്യാറല്ല.

**2.** ചുവടെ ചേർത്തെഴുതിയ പദങ്ങളിൽ ശരിയായത് ഏത് ?

(a) പതുക്കെ, പതുക്കെ - പതുക്കെപതുക്കെ
(b) കന്നി, പാടം - കന്നിപാടം
(c) വീട്, ആവുന്നില്ല - വീടാവുന്നില്ല
(d) ഏത്, അവസ്ഥ - ഏതാവസ്ഥ.

**3.** ''പഴയൊരു പുള്ളുവനാണല്ലോ ഞാൻ;'
ഇവിടെ പുള്ളുവൻ എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ് ?

(a) കവിയെ
(b) മഹാബലിയെ
(c) വീണപ്പെണ്ണിനെ
(d) അലകടലിനെ

Score

4. മത്തായിയുടെ വീടും വലുതായി. അവനു പണമായി; മാർക്കോസിനെക്കുറിച്ച് നിന്ദയും. <u>അവർ അടുത്തു താമസിച്ചിട്ടും തീരെ അകന്നു പോയി</u>

(കോഴിയും കിഴവിയും)

അടിവരയിട്ട പ്രയോഗത്തിന്റെ ഉചിതമായ ആശയം കണ്ടെത്തിയെഴുതുക.

(a) അകന്നു പോയാൽ അടുക്കാനാകില്ല.

(b) അവർക്കിടയിൽ പരസ്പര സ്നേഹം ഇല്ലാതായി

(c) അടുത്തു താമസിക്കുന്നത് അകന്നു പോകാനാണ്.

(d) അവർ എന്നും അകലേയ്ക്ക് പോയി

5. എത്ര കോടി ഉദരങ്ങൾ, ഈ വൃദ്ധന്റെ <u>പ്രയത്നഫലം</u> കൊണ്ട് നിറഞ്ഞിരിക്കുന്നു ! അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹാർഥം കണ്ടെത്തിയെഴുതുക.

(a) പ്രയത്നത്തിന്റെ ഫലം

(b) പ്രയത്നമാകുന്ന ഫലം

(c) പ്രയത്നവും ഫലവും

(d) ഫലത്തിന്റെ പ്രയത്നം

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** **2x2=4**

6. വിളിക്കാനും ആരുമില്ലാത്ത വീട്ടിൽ അമ്മയെ തനിച്ചാക്കി പോവുന്നതിൽ മകന് നന്നേ വിഷമമുണ്ടായിരുന്നു.

(ഓരോ വിളിയും കാത്ത്)

'വിളിക്കാനും ആരുമില്ലാത്ത വീട് ' എന്ന പ്രയോഗം നൽകുന്ന രണ്ട് അർഥസൂചനകൾ കണ്ടെത്തിയെഴുതുക.

7. അർഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളാക്കുക.

കൈനകരി മുഴുവൻ രാത്രിയിൽ ഊന്നി നടന്നപ്പോൾ രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻ വ്യാപാരങ്ങൾ കോരൻ കണ്ടു.

8. ''എത്ര കൗതൂഹലം, നോക്കിയാൽ മിണ്ടുമി-
ച്ചിത്രലേഖത്തിന്റെ താളുകൾ''

(അമ്മയുടെ എഴുത്തുകൾ)

അമ്മയുടെ എഴുത്തുകളുടെ എന്തെല്ലാം സവിശേഷതകളാണ് ഈ വരികളിൽ തെളിയുന്നത്? വ്യക്തമാക്കുക.

Score

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം വീതം)**

5x4=20

9. ഏതുമുറങ്ങാതെമ്പാടും വയ-
ലേലകൾ തോറും നടുവിൽ പൊൽക്കിഴി-
യെരിയും വെള്ളിത്താലമെടുത്തു നി-
രന്നു ലസിപ്പൂ നെയ്യാമ്പലുകൾ (ഓണമുറ്റത്ത്)

മാവേലിമന്നനെ വരവേൽക്കാൻ ഒരുങ്ങി നിൽക്കുന്ന കേരളീയ പ്രകൃതിയുടെ ഭംഗി മുകളിൽ നൽകിയ വരികൾ വിശകലനം ചെയ്ത് വ്യക്തമാക്കുക.

10. ''നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു.''
''തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടികളിൽക്കൂടെ വിരലോടിച്ചു പോവുക മാത്രം ചെയ്തു.''
'കൊച്ചുചക്കരച്ചി'ക്ക് മാനുഷിക ഭാവം നൽകിയതിന്റെ ഭംഗി കണ്ടെത്തി വിവരിയ്ക്കുക.

11. ''പല പത്രങ്ങൾ വായിക്കുന്നത്, അവയിൽ വരുന്ന പല തോതിലുള്ള കള്ളങ്ങൾ താരതമ്യം ചെയ്ത്, അവയെപ്പറ്റി ആലോചിച്ച്, ഒടുവിൽ എങ്ങനെയെങ്കിലും സത്യത്തിന്റെ സമീപത്ത് എത്തിച്ചേരാൻ കഴിയുമോ എന്നു നോക്കാൻ വേണ്ടിയാണ്.'' (പത്രനീതി)
വാർത്തകളിൽ നിന്നും സത്യം കണ്ടെത്തുക ഏറെ ശ്രമകരമായ പ്രവൃത്തിയാണെന്നാണോ ലേഖകൻ സൂചിപ്പിക്കുന്നത് ? സ്വാനുഭവങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തുക.

12. ''മത്തായിയൊണ്ടോ ഈ കൂട്ടത്തില് !
അവനോടൊന്നു പറഞ്ഞേ! എന്റെ കൈയേൽ പിടിച്ച് വടക്കേതിലേക്കൊന്നു കൊണ്ടുപോകാൻ. ഞാനവിടെ കെടന്നു ചത്തോളാം. നന്ദികെട്ട ഈ വംശത്തിന്റെ കൂടെ എനിക്കു കഴിയാൻ മേല.''
'കോഴിയും കിഴവിയും' എന്ന ചെറുകഥ ശുഭമായി അവസാനിക്കുന്നതിൽ മത്തായിയുടെ അമ്മയുടെ പങ്ക് കണ്ടെത്തിയെഴുതുക.

13. ''തമ്പ്രാ, ഏനു നെല്ലു കൂലി മതി. ചക്രം മേണ്ട''
(കോരൻ)
''അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ടു ദെവസം പത്തായി''
(കോരന്റെ അച്ഛൻ)
കർഷകത്തൊഴിലാളിയായ കോരന്റെയും പിതാവിന്റെയും ജീവിതാനുഭവങ്ങളാണ് ഈ സംഭാഷണത്തിൽ തെളിയുന്നത്. ഇക്കാലത്തും കർഷകരുടെ ജീവിതം ഇങ്ങനെ തന്നെയാണോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

Score

**14.** ''അമ്മയുടേതാമെഴുത്തുകളൊക്കെയും

അമ്മയായ്ത്തന്നെയൊതുങ്ങിയിരിക്കട്ടെ''

നമ്മൾ വിദേശത്തു നിർമ്മിച്ചൊരമ്മതൻ

ബിംബമീയാതിഥ്യ ശാലയിൽ ശോഭനം

(വി. മധുസൂദനൻ നായർ)

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ

മർത്യനു പെറ്റമ്മ തൻഭാഷ താൻ

(വള്ളത്തോൾ നാരായണ മേനോൻ)

മാതൃഭാഷയോടുള്ള സമീപനം രണ്ടു കവിതാ ഭാഗങ്ങളിലും എങ്ങനെയാണ്? താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറം വീതം ഉത്തരമെഴുതുക. 2x6=12**

**15.** ''ചെമ്പു മത്തായിയുടെ അടുക്കൽ ചെന്ന് റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു. സ്വന്തം ജീവിതത്തിൽനിന്ന് ഒരു ഭാഗം തന്നെ ആരോ പറിച്ചുമാറ്റുന്നതു പോലെ അയാൾക്കു തോന്നി.''

''എന്റെ കണക്കൊക്കെ തെറ്റീലോ മത്തായിമൂപ്പരേ, ഒക്കെ നിങ്ങള് എഴുതി വയ്ക്കണം''

(പണയം)

സൂചനകളും പാഠഭാഗവും പരിഗണിച്ച് 'ചാക്കുണ്ണി' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

**16.** ''എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി-

കെട്ടു കരിന്തിരിയാളും വരെയവർ

ഒന്നെന്നെ കൊണ്ടുപോയിടേണമെന്നുള്ള

ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ.''

(അമ്മത്തൊട്ടിൽ)

'വൃദ്ധമാതാവിനെ മക്കൾ പട്ടിക്കൂട്ടിൽ അടച്ചു.

(പത്രവാർത്തയിൽ നിന്ന്)

കവിതയും സമകാലിക സംഭവങ്ങളും വിശകലനം ചെയ്ത് 'വാർദ്ധക്യത്തിന് കരുതലേകാം' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

Score

**17.** ''ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് '' എന്ന ശ്രീനാരായണ സന്ദേശം എക്കാലത്തും ഏതു രാജ്യത്തും വിലപ്പോകുന്നതും ഏതു സമുദായത്തിന്റെയും സാംസ്കാരിക വികസനത്തിന് അത്യന്തം ഉപകരിക്കുന്നതുമായ ഒരു വിശിഷ്ടാശയമാണ്.''

(ശ്രീനാരായണ ഗുരു)

പാഠഭാഗത്തെ, ശ്രീ. കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ നിരീക്ഷണങ്ങളും, ഗുരുദേവ സന്ദേശങ്ങളും വിലയിരുത്തി, 'ഗുരുദേവ ദർശനങ്ങളുടെ സമകാലിക പ്രസക്തി' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

-oOo-